പത്രക്കുറിപ്പ്

KERALA STATE COMMISSION FOR
PROTECTION OF CHILD RIGHTS
Vanross Junction, Kerala University P.O., Thiruvananthapuram – 695 034
Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

27.06.2023

# പ്രശ്നക്കാരായ നായ്ക്കൾക്ക് ദയാവധം ബാലാവകാശ കമ്മീഷൻ സുപ്രീം കോടതിയിൽ

തിരുവനന്തപുരം: പ്രശ്നക്കാരായ നായ്ക്കളെ കൊല്ലുന്നത് സംബന്ധിച്ച് അനുകൂല വിധിക്കായി സംസ്ഥാന ബാലാവകാശ കമ്മീഷൻ സുപ്രീം കോടതിയിലെ 5947/2019 നമ്പർ കേസിൽ കക്ഷി ചേർന്നു. ജൂലൈ 12ന് സുപ്രീം കോടതി കേസ് പരിഗണിക്കുന്ന സാഹചര്യത്തിൽ തെരുവനായ ആക്രമണവുമായി ബന്ധപ്പെട്ട പ്രസ്കട്ടിംഗ്സും വീഡിയോ ക്ലിപ്പിംഗ്സും സഹിതമാണ് കമ്മീഷൻ കോടതിയിൽ അഫിഡവിറ്റ് സമർപ്പിച്ചത്. കണ്ണൂർ മുഴപ്പിലങ്ങാട് ഭിന്നശേഷി കുട്ടിയെ തെരുവനായ കടിച്ചുകൊല്ലുകയും തൊട്ടടുത്ത ദിവസം ഒരു പെൺകുട്ടിയെ നായ്ക്കൾ ആക്രമിക്കുന്നതും കൊല്ലത്ത് സ്കൂൾ കുട്ടികളെ നായ ആക്രമിക്കുന്ന ദൃശ്യവും ഇതിൽപ്പെടും. സുപ്രീം കോടതി അഭിഭാഷകൻ ജയ്മോൻ ആൻഡ്രൂസാണ് കമ്മീഷനുവേണ്ടി ഹരജി ഫയലാക്കിയത്. ദിവസവും കേരളത്തിലെ തെരുവുനായ്ക്കളുടെ കടിയേറ്റ് നിരവി കുട്ടികൾക്ക് ഗുരുതര പരിക്കുപറ്റുകയും മരണംവരെ സംഭവിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ നിരവധി പരാതികൾ കമ്മീഷന് ലഭിച്ചതിന്റെ കൂടി അടിസ്ഥാനത്തിലാണ് കേസിൽ കക്ഷി ചേർന്നതെന്ന് കമ്മീഷൻ ചെയർപേഴ്സൺ കെ.വി.മനോജ്കുമാർ അറിയിച്ചു.

പബ്ളിക് റിലേഷൻസ് ഓഫീസർ